പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2034 — 07.03.2017 -ൽ മറുപടിക്ക്.

## എഫ്.സി.ഐ ഗോഡൗണുകളിൽ തൊഴിലാളികൾക്ക് അട്ടിക്കൂലി

| ചോദ്യം<br>**ശ്രീ.എം.ഉമ്മർ** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | സംസ്ഥാനത്ത് എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നും അരി കയറ്റുന്ന തൊഴിലാളികൾക്ക് അട്ടിക്കൂലി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ വിശദമാക്കാമോ ; | (എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സപ്ലൈകോ പൂർണ്ണമായും വാതിൽപ്പടി വിതരണം ആരംഭിക്കുന്നതുവരെ അട്ടിക്കൂലി താല്ക്കാലികമായി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രതിവർഷം എത്ര രൂപയാണ് ഈയിനത്തിൽ സർക്കാരിനുണ്ടാകുന്ന അധികബാധ്യത എന്ന് കണക്കാക്കിയിട്ടുണ്ടോ ; | (ബി) അധികബാധ്യത എത്രയെന്ന് കണക്കാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത തുക കേന്ദ്ര സർക്കാരിൽ നിന്നും കൈകാര്യ ചെലവിനത്തിൽ വാങ്ങാമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ടോ; | (സി) & (ഡി) 19.12.2016 ൽ ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ പ്രസ്തുത തുക കേന്ദ്ര സർക്കാരിൽ നിന്നും കൈകാര്യ ചെലവിനത്തിൽ വാങ്ങാമെന്ന് തീരുമാനിച്ചു എങ്കിലും ഇത് സംബന്ധിച്ച് കേന്ദ്രവുമായി കത്തിടപാടുകൾ നടത്തിയിട്ടില്ല. |
| (ഡി) | മറ്റ് സംസ്ഥാനങ്ങൾക്ക് നൽകാത്ത അട്ടിക്കൂലി കേരളത്തിന് മാത്രം വാങ്ങിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | |
| (ഇ) | ഇത്തരത്തിൽ ഒരു നിർദ്ദേശം രൂപം കൊണ്ടത് മന്ത്രിതലത്തിലാണോ ഉദ്യോഗസ്ഥ തലത്തിലാണോ എന്ന് വിശദമാക്കാമോ ; | (ഇ) & (എഫ്) ഭക്ഷ്യ ഭദ്രത നിയമപ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വിട്ടെടുപ്പുമായി ബന്ധപ്പെട്ട് തങ്ങൾക്ക് മുൻകാലങ്ങളിൽ റേഷൻ മൊത്ത വ്യാപാരികൾ നല്കി വന്നിരുന്ന അധിക കൂലി നല്കാതെ ലോഡ് കയറ്റാനാകില്ലെന്ന് പ്രഖ്യാപിച്ച് എഫ്.സി.ഐ തൊഴിലാളികൾ പണിമുടക്കിയ സാഹചര്യത്തിൽ റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെയും സർക്കാർ സ്വീകരിച്ച കർശന നിലപാടുകളുടെയും ഫലമായാണ് തൊഴിൽ തർക്കം ഒത്തുതീർപ്പായതും റേഷൻ വിതരണം തടസ്സമില്ലാതെ നടത്തുവാനും കഴിഞ്ഞത്. |
| (എഫ്) | പ്രസ്തുത നിർദ്ദേശത്തിന്റെ പ്രായോഗിക വശം സർക്കാർ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ